കേരള സർക്കാർ

# സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.lfa.kerala.gov.in

# ഇലഞ്ഞി ഗ്രാമപഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട്

# 2017-18

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
## ജില്ലാ ഓഡിറ്റ് ഓഫീസ്
## എറണാകുളം

website : www.lfa.kerala.gov.in
e-mail : doekm.ksad@kerala.gov.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റുചീട്ട് സഹിതം)

നം.കെഎസ്എ-ഇകെഎം(പി9)2186/2018

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം,എറണാകുളം
സിവിൽ സ്റ്റേഷൻ, കാക്കനാട്-68203
ഫോൺ : 0484 2422271
ഇ മെയിൽ : doekm.ksad@kerala.gov.in

തീയതി : 06.03.2019

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
ഇലഞ്ഞി ഗ്രാമപഞ്ചായത്ത്

സർ,

വിഷയം :- ഇലഞ്ഞി ഗ്രാമപഞ്ചായത്ത് – 2017-18 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996-ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 -ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ഇലഞ്ഞി ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996-ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർനടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2, 3 എന്നിവയിലെ ഖണ്ഡികകളിലേക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്- പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20, 23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1) (2)എന്നിവ കാണുക).

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

<u>പകർപ്പ്</u> :-

1. ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം
2. പഞ്ചായത്ത് ഡപ്യൂട്ടി ഡയറക്ടർ, എറണാകുളം
3. കാര്യാലയ പകർപ്പ്

നം.കെഎസ്എ-ഇകെഎം(പി9)2186/2018 തീയതി : 06.03.2019

## എറണാകുളം ജില്ലയിലെ ഇലഞ്ഞി ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

*(1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 215(4), 1994 ലെ കേരള ലോക്കൽഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്)*

എറണാകുളം ജില്ലയിലെ ഇലഞ്ഞി ഗ്രാമപ്പഞ്ചായത്തിന്റെ 2017-2018 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. ഗ്രാമപ്പഞ്ചായത്ത് 21.06.2017 മുതൽ 12.10.2018 വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽനിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു. ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 7 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 6 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ലഭ്യമായ മറുപടി പരിഗണിച്ച ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽനിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തമില്ല.

### ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റ് നടത്തുന്നതിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥന്റെ പേരും ഉദ്യോഗപ്പേരും | ശ്രീമതി. ജയ സി .ആർ, ഡെപ്യൂട്ടി ഡയറക്ടർ |

| | |
|---|---|
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 15.10.2018 മുതൽ 27.10.2018 വരെ |

| | |
|---|---|
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | ശ്രീ.രതീഷ്. സി .ആർ ഓഡിറ്റ് ഓഫീസർ |
| | ശ്രീമതി. ജോമോൾ.എം.ജോണി, അസി. ഓഡിറ്റ് ഓഫീസർ |
| | ശ്രീ. തോമസ്. എ സീനിയർഗ്രേഡ് ഓഡിറ്റർ |
| | ശ്രീമതി.സ്വപ്ന.വി, ഓഡിറ്റർ |

### (ബി) നിർവ്വഹണാധികാരികൾ

| | പേര് | മുതൽ | വരെ |
|---|---|---|---|

| | | | |
|---|---|---|---|
| പ്രസിഡന്റ് | ശ്രീ.ജോയീസ് മാമ്പള്ളി | 01.04.2017 | 31.03.2018 |
| വൈസ് പ്രസിഡന്റ് | ശ്രീമതി.ജില്ലു സിബി | 01.04.2017 | 31.03.2018 |
| ആരോഗ്യകാര്യ സ്റ്റാൻറിംഗ് കമ്മറ്റി | ശ്രീമതി.റിയ മനോജ് | 01.04.2017 | 31.03.2018 |
| ക്ഷേമകാര്യ സ്റ്റാൻറിംഗ് കമ്മറ്റി | ശ്രീമതി. ലീല സുഖവാസ് | 01.04.2017 | 31.03.2018 |
| വികസനകാര്യ സ്റ്റാന്റിംഗ് കമ്മറ്റി | ശ്രീമതി.റെജി ജോർജ്ജ് | 01.04.2017 | 31.03.2018 |
| വിദ്യാഭ്യാസകാര്യ സ്റ്റാന്റിംഗ് കമ്മറ്റി | ശ്രീമതി.റിയ മനോജ് | 01.04.2017 | 31.03.2018 |
| പൊതുമരാമത്ത്കാര്യ സ്റ്റാന്റിംഗ് കമ്മറ്റി | ശ്രീമതി. ജില്ലു സിബി | 01.04.2017 | 31.03.2018 |

നിർവ്വഹണ ഉദ്യോഗസ്ഥർ

| ഉദ്യോഗപ്പേര് | പേര് | കാലയളവ് | |
|---|---|---|---|
| | | മുതൽ | വരെ |
| സെക്രട്ടറി | ശ്രീമതി. ശോഭ പി.എൻ | 01.04.2017 | 19.06.2017 FN |
| | ശ്രീ.കെ.എൻ. അജയൻ(അധിക ചുമതല) | 19.06.17 AN | 06.07.2017 |
| | ശ്രീമതി. അനിമോൾ. കെ | 07.07.2017 | 31.03.2018 |
| കൃഷി ഓഫീസർ | ശ്രീമതി വത്സല. കെ.കെ | 01.04.2017 | 31.10.2017 |
| | അശ്വതി . പി | 01.11.2017 | 31.03.2018 |
| അസി. എഞ്ചിനീയർ LSGD | ശ്രീ. ലാൽപ്രസാദ് | 01.04.2017 | 30.06.2017 |
| | ഗ്ലാൻസ്സി മൈക്കിൾ | 01.07.2017 | 24.07.2017 |
| | വിശ്വനാഥൻഎം. എൽ. | 25.07.17 | 31.07.17 |
| | ധർമ്മ കീർത്തി | 01.08.17 | 15.08.17 |
| | ബിന്ദു പ്രസാദ് | 16.08.17 | 31.03.2018 |
| മെഡിക്കൽ ഓഫീസർ PHC | ഡോ. നിതിൻ | 01.04.2017 | 06.04.2017 |
| | ഡോ. നിജിത മേരി ജോൺ | 07.04.17 | 08.05.17 |
| | ഡോ. ആശ | 08.05.2017 | 31.03.2018 |
| മെഡിക്കൽ ഓഫീസർ | ഡോ. ലക്ഷ്മി പത്മനാഭനൻ | 01.04.2017 | 10.06.2017 |

| | | | |
|---|---|---|---|
| (ആയുർവേദം) NHM | ഡോ. ദിവ്യ സി നായർ | 11.06.17 | 31.03.18 |
| മെഡിക്കൽ ഓഫീസർ (ഹോമിയോ) | ഡോ. ബാബു | 01.04.2016 | 16.12.2017 |
| | ഡോ. സൂര്യമോൾ | 17.12.17 | 23.01.18 |
| | ഡോ.സജി ജോൺ | 24.01.18 | 31.03.18 |
| ഡയറി ഫാം ഇൻസ്ട്രക്ടർ | ശ്രീമതി.ഗീതാഞ്ജലി | 01.04.2017 | 31.03.18 |
| വെറ്ററിനറി സർജൻ | ഡോ.ഹരികുമാർ.എം | 01.04.2017 | 31.03.2018 |
| വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | ശ്രീ.രാജേഷ് റ്റി | 01.04.2017 | 24.06.2017 |
| | വിനോദ്. വി | 25.06.17 | 31.03.18 |
| | ജിഷ. പി. എം | 01.04.2017 | 31.03.2018 |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | ശ്രീമതി.ശ്യാമള. പി എൻ | 01.04.2017 | 20.08.2017 |
| | ശ്രീമതി.ഷൈല.കെ.കെ | 21.08.2017 | 31.03.2018 |
| അസി. സെക്രട്ടറി | ശ്രീ.കെ.എൻ. അജയൻ | 01.04.2017 | 31.03.2018 |
| ഹെഡ്മാസ്റ്റർ, LPS ആലപുരം | ശ്രീ.സജീവ് | 01.04.2017 | 31.03.2018 |

ഉള്ളടക്കം


| ക്രമ നം. | വിഷയം | ഖണ്ഡിക നമ്പർ |
|---|---|---|
| | ഭാഗം-1<br>പൊതു അവലോകനം | |
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യ പത്രിക | 1-2 |
| 3 | വാർഷിക ധനകാര്യ പത്രിക -സാക്ഷ്യപത്രം | 1-3 |
| 4 | സാമ്പത്തിക വിശകലനം | 1-4 |
| 5 | ഫണ്ട് വിനിയോഗം | 1-5 |
| 6 | പദ്ധതി അവലോകനം | 1-6 |
| 7 | തൊഴിലുറപ്പുപദ്ധതി | 1-7 |
| 8 | ക്ഷേമ പദ്ധതികൾ | 1-8 |
| 9 | ക്യാഷ് വെരിഫിക്കേഷൻ | 1-9 |
| 10 | അഭ്യന്തര നിയന്ത്രണം | 1-10 |
| 11 | മറ്റ് ഓഡിറ്റുകൾനടത്തിയതിന്റെ വിവരം | 1-11 |
| 12 | വാർഷിക കണക്കുകളിലെ അപാകതകൾ | 1-12 |
| | ഭാഗം-2 | |

| | | |
|---|---|---|
| 13 | വണ്ടിതാവള കച്ചവടസമുച്ചയത്തിലെ 4/323ബി നമ്പർമുറി - വാടക കുടിശ്ശിക ഈടാക്കിയിട്ടില്ല | 2-1 |
| 14 | കുരുമല ടൂറിസം പദ്ധതി | 2-2 |
| 15 | മരങ്ങൾ പുനർലേലം നടത്തുന്നതിന് തുടർ നടപടികൾ സ്വീകരിക്കുന്നത് സംബന്ധിച്ച്. | 2-3 |
| 16 | ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കിയതിലെ അപാകതകൾ | 2-4 |
| ഭാഗം-3 | | |
| 17 | ലൈഫ് ഭവനനിർമ്മാണം-കരാർ വ്യവസ്ഥ പാലിച്ചിട്ടില്ല | 3-1 |
| 18 | പത്രപരസ്യങ്ങൾ വലിപ്പം കൂട്ടി നൽകിയതുമൂലം അധിക ചെലവ് | 3-2 |
| 19 | വെള്ളക്കരം കുടിശ്ശിക - കുടിശ്ശിക അടച്ചിട്ടും പഞ്ചായത്തിന് ബാധ്യത | 3-3 |
| 20 | പൊതു ടാപ്പുകളുടെ സംയുക്ത പരിശോധന പൂർത്തിയാക്കിയിട്ടില്ല | 3-4 |
| 21 | ഉപയോഗമില്ലാത്ത ഇന്റർനെറ്റ് കണക്ഷൻ- പ്രതിമാസ വാടക അടയ്ക്കുന്നത് സംബന്ധിച്ച് | 3-5 |
| 22 | KL-7R 9088 -നമ്പർ ജീപ്പ്- ഉപയോഗമില്ലത്തത് -സംബന്ധിച്ച്. | 3-6 |
| 23 | ഗ്രാമപഞ്ചായത്ത് ആഫീസ് കോമ്പൗണ്ടിൽ പാമ്പാക്കുട ബ്ലോക്ക് പഞ്ചായത്ത് നിർമ്മിച്ചിട്ടുള്ള വനിതാ വ്യവസായകേന്ദ്രം - ഉടമസ്ഥാവകാശം ഉറപ്പാക്കിയിട്ടില്ല | 3-7 |
| 24 | സെക്രട്ടറി നടപ്പാക്കിയ പദ്ധതികൾ - അപാകതകൾ | 3-8 |
| 25 | ആശ്രയ പദ്ധതി ലക്ഷ്യം കൈവരിച്ചില്ല | 3-9 |
| 26 | വിനിയോഗ സാക്ഷ്യപത്രം ലഭിച്ചിട്ടില്ല - 566308/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. | 3-10 |
| ഭാഗം-4 | | |
| 27 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 28 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |
| 29 | മൊബിലൈസേഷൻഅഡ്വാൻസ് | 4-3 |
| 30 | വായ്പ/വായ്പ തിരിച്ചടവ് | 4-4 |
| 31 | സ്ഥിര നിക്ഷേപങ്ങൾ | 4-5 |
| 32 | ഓഡിറ്റ് റിക്കവറി | 4-6 |

| | | |
|---|---|---|
| 33 | സമാഹൃത റിപ്പോർട്ടിൽഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകൾ | 4-7 |
| 34 | ഓഡിറ്റ് പ്രത്യവലോകനം | 4-8 |
| 35 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-9 |
| 36 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | അനുബന്ധം-1 |
| 37 | ബാലൻസ്ഷീറ്റ്, റസീപ്റ്റ് & പെയ്മെന്റ്, ഇൻകം & എക്സ്പെൻഡിച്ചർ ഷീറ്റ് | അനുബന്ധം-2 |

# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

28.03.2017തീയതിയിലെ 1-ാം നമ്പർതീരുമാന പ്രകാരം അംഗീകരിച്ചു. പുതുക്കിയ / പരിഷ്കരിച്ച ബജറ്റ് 24.03.2018 തീയതിയിലെ 1-ാം നമ്പർതീരുമാന പ്രകാരം അംഗീകരിച്ചിട്ടുണ്ട്.

## 1-2 വാർഷിക ധനകാര്യപത്രിക

| വർഷം | ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|---|
| 2017-18 | 31.7.2018 | 15.05.2018 |

## 1-3 വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2017-18 | 21-6-18 & 22-6-18 | കെ.എസ്.എ.ഇ.കെ.എം.(പി.ജി.)1786(20)/2018. തീയതി. 29.08.2018. |

## 1-4 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 8846638 |
| വരവ് | 47195130 |
| ആകെ | 56041768 |
| ചെലവ് | 53533153 |
| നീക്കിയിരിപ്പ് | 2508615 |

# 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | | ഒ.ബി | വരവ് | ആകെ | ചെലവ് | സി.ബി |
|---|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ (ACR പ്രകാരം) | | 0 | 11093000 | 11093000 | 11093000 | 0 |
| വികസന ഫണ്ട്-എസ്.സി.പി (ACR പ്രകാരം) | | 0 | 1724946 | 1724946 | 1724946 | 0 |
| വികസന ഫണ്ട്-ടി.എസ്.പി (ACR പ്രകാരം) | | 0 | 2998 | 2998 | 2998 | 0 |
| മെയിന്റനൻസ്, റോഡ് (ACR പ്രകാരം) | | 0 | 5049000 | 5049000 | 5049000 | 0 |
| മെയിന്റനൻസ്, നോൺ-റോഡ് (ACR പ്രകാരം) | | 0 | 2591000 | 2591000 | 2591000 | 0 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (ACR പ്രകാരം) | | 0 | 5209463 | 5209463 | 5209463 | 0 |
| കെ.എൽ.എസ്. ജി.ഡി.പി (ACR പ്രകാരം) | | 0 | 1402040 | 1402040 | 1402040 | 0 |
| സാക്ഷരത | | 0 | 0 | 0 | 0 | 0 |
| ദുരിതാശ്വാസനിധി | | 7902 | 159 | 8061 | 0 | 8061 |
| എം.ജി. എൻ.ആർ. ഇ.ജി.എസ് | തൊഴിലാളി കളുടെ കൂലി | 0 | 16736461 | 16736461 | 16736461 | 0 |
| | അഡ്മിനി സ്ട്രേറ്റീവ് ചെലവ് | 3857 | 988432 | 992289 | 988326 | 3963 |
| Total Sanitation Campaign | | 73294 | 16289 | 89583 | 89583 | 0 |
| Sarva Siksha Abhiyan | | 0 | 0 | 0 | 0 | 0 |
| ICDS | | 647096 | 919295 | 1566391 | 468656 | 1097735 |
| ജോയിന്റ് വെഞ്ചർ അക്കൗണ്ട് | ബ്ലോക്ക് പഞ്ചായത്ത് | 100000 | 2160000 | 2260000 | 681702 | 1578298 |
| | ജില്ലാ പഞ്ചായത്ത് | 153925 | 1160525 | 1314450 | 762952 | 308037 |
| ബി ഫണ്ട് | | 0 | 31645400 | 31645400 | 31645400 | 0 |
| ജനറൽ പർപ്പസ് ഗ്രാന്റ് | | 3937016 | 6301000 | 10238016 | 9201919 | 1036097 |
| തനത് ഫണ്ട് | ബാങ്ക് അക്കൗണ്ട് | 5463649 | 7409552 | 12833201 | 9824739 | 3008462 |
| | ട്രഷറി അക്കൗണ്ട് | 0 | 1015000 | 1015000 | 1015000 | 0 |

| | | | | | |
|---|---|---|---|---|---|
| മറ്റിനം (കരുമല ടൂറിസം) | 0 | 473602 | 473602 | 473602 | 0 |

# 1-6 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾനടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 128 | 42508446 | 113 | 30110102 | 23 | 15 | 86% |

ഇലഞ്ഞി ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ വിവിധ നിർവ്വഹണ ഉദ്യോഗസ്ഥർനടപ്പാക്കിയ പ്രോജക്ടുകളുടെ വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | നിർവ്വഹണോദ്യോഗസ്ഥർ | ഏൽപ്പിച്ച പ്രോജക്ടുകളുടെ എണ്ണം | നിർവ്വഹിച്ച പ്രോജക്ടുകളുടെ എണ്ണം | അടങ്കൽ | ചെലവ് |
|---|---|---|---|---|---|
| | കൃഷി ഓഫീസർ | 6 | 6 | 1900859 | 897774 |
| | വെറ്ററിനറി സർജൻ | 5 | 4 | 1942000 | 572750 |
| | മെഡിക്കൽഓഫീസർ-പി.എച്ച്.സി. | 3 | 3 | 652570 | 652570 |
| | മെഡിക്കൽഓഫീസർ-ഹോമിയോ | 2 | 2 | 70000 | 70000 |
| | മെഡിക്കൽഓഫീസർ ആയുർവേദം | 1 | 1 | 400000 | 400000 |
| | വില്ലേജ് എക്സ്റ്റെൻഷൻ ഓഫീസർമാർ | 11 | 9 | 5530185 | 3581966 |
| | ഐ.സി.ഡി.എസ്. സൂപ്പർവൈസർ | 5 | 5 | 2037765 | 1687634 |
| | സെക്രട്ടറി | 22 | 20 | 9265796 | 4505443 |
| | ഹെഡ് മാസ്റ്റർ | 4 | 4 | 992651 | 992019 |
| | അസിസ്റ്റന്റ് എൻജിനീയർ (LSGD) | 62 | 52 | 18302078 | 15343194 |

| | | | | | |
|---|---|---|---|---|---|
| | ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 1 | 1 | 410000 | 410000 |
| | അസിസ്റ്റന്റ് സെക്രട്ടറി | 6 | 6 | 1004542 | 996752 |
| ആകെ | | 128 | 113 | 42508446 | 30110102 |

പദ്ധതി രൂപീകരണം

13-ാം പഞ്ചവത്സര പദ്ധതിയിലെ ആദ്യ വാർഷിക പദ്ധതിക്കാലമായ 2017-18 വർഷം പദ്ധതികൾ തയ്യാറാക്കുന്നതിനുള്ള സർക്കാർ നിർദ്ദേശപ്രകാരമുള്ള ആസൂത്രണ രീതികൾക്കനുസരിച്ച് വർക്കിംഗ് ഗ്രൂപ്പുകൾ രൂപീകരിക്കുകയും കരട് വികസനരേഖ തയ്യാറാക്കുകയും ചെയ്തു. പദ്ധതി രൂപീകരണത്തിന്റെ തുടർഘട്ടങ്ങളിലും ബന്ധപ്പെട്ട മാർഗ്ഗരേഖാ ഉത്തരവിൽ (ജി.ഒ.(എം.എസ്) 72/2017 /ത.സ്വ.ഭ.വ./29-3-2017) നിർദ്ദേശിച്ചിട്ടുള്ള പ്രകാരം വർക്കിംഗ് ഗ്രൂപ്പുകളുടെയും സ്റ്റേക്ക് ഹോൾഡേഴ്സിന്റേയും യോഗംചേരൽ, ഗ്രാമസഭകളുടെ സംഘാടനം, കരട് പദ്ധതിനിർദ്ദേശങ്ങൾ ക്രോഡീകരിക്കൽ, വികസന സെമിനാർ എന്നീ നടപടിക്രമങ്ങൾ പാലിച്ചിട്ടുണ്ട്.

# 1-7 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 3857 | 988432 | 992289 | 988326 | 3963 |
| ഗുണഭോക്താകൾക്ക് നേരിട്ട് നൽകുന്നത് | 0 | 16736461 | 16736461 | 16736461 | 0 |
| ആകെ | 3857 | 17724883 | 17728750 | 17724787 | 3963 |

# 1-8 ക്ഷേമപദ്ധതികൾ

ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾതാഴെ കൊടുക്കുന്നു.

| ക്ഷേമ പദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽ രഹിത വേതനം | 6960 | 13 |
| കർഷക തൊഴിലാളി പെൻഷൻ | 3958100 | 340 |
| വിധവാ പെൻഷൻ | 5690500 | 482 |
| വാർദ്ധക്യകാല പെൻഷൻ | 12658800 | 1037 |
| ശാരീരികവും മാനസികവുമായി വെല്ലുവിളി നേരിടുന്നവർക്കുള്ള പെൻഷൻ | 2080800 | 185 |

| | | |
|---|---|---|
| വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹധനസഹായം | 60000 | 2 |
| അവിവാഹിതരായ 50 വയസ്സിനുമുകളിൽ പ്രായമായ വനിതകൾക്കുള്ള ധനസഹായം | 559800 | 48 |

## 1-9 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)- വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 25-10-18ന് ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ1564/- രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-10 ആഭ്യന്തരനിയന്ത്രണം

ഗ്രാമപഞ്ചായത്തുകളിൽ സുതാര്യവും ജനകീയവും വികസന പരവുമായ പ്രവർത്തനം സാധ്യമാക്കുവാനും ആഭ്യന്തര നിയന്ത്രണവും ഭരണ നിർവ്വഹണവും കാര്യക്ഷമമാക്കുന്നതിനായി 02.7.2009 ലെ തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 123/09 നമ്പർ ഉത്തരവ് പ്രകാരം നിലവിൽവന്ന ഫ്രണ്ട് ഓഫീസ് സംവിധാനം പ്രവർത്തിക്കുന്നു. പഞ്ചായത്തിന് 17.03.2018 മുതൽമുതൽ 3 വർഷത്തേയ്ക്ക് ഐ.എസ്.ഓ. സർട്ടിഫിക്കേഷൻ ലഭിച്ചിട്ടുണ്ട്. (certificate No.1100489 ISO 9001:2015) പഞ്ചായത്തിന്റെ ആഭ്യന്തര നിയന്ത്രണ സംവിധാനം പൊതുവെ തൃപ്തികരമാണ്. ജീവനക്കരുടെ ജോലികൾ/ചുമതലകൾ വ്യക്തമാക്കുന്ന ഓഫീസ് ഉത്തരവ് രജിസ്റ്റർ സൂക്ഷിക്കുന്നുണ്ട്. എന്നാൽ ജീവനക്കാരുടെയും എല്ലാ നിർവ്വഹണ ഉദ്യോഗസ്ഥരുടെയും മേൽവിലാസം ഉൾപ്പെടെയുള്ള വിവരങ്ങൾ രേഖപ്പെടുത്തിയിട്ടുള്ള ഇൻകുംബെൻസി രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല. ഭൂമി ഉൾപ്പടെയുള്ള ആസ്തികൾ ഉൾപ്പെടുത്തി ആസ്തി രജിസ്റ്റർ കാലികമാക്കുന്നതിലും, ആസ്തികളുടെ അക്കൗണ്ടിംഗ് പ്രക്രിയ പൂർത്തിയാക്കുന്നതിലും ശ്രദ്ധ പതിപ്പിക്കേണ്ടതാണ്.

## 1-11 മറ്റ് ഓഡിറ്റുകൾനടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 25.9.2018 | 2018 ആഗസ്റ്റ് | 17.10.2018 |

| | | | |
|---|---|---|---|
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 4.07.2009-06.07.2009 | 2004-05 – 2008-09 | 04.03.2017 |

## 1-12 വാർഷിക കണക്കുകളിലെ അപാകതകൾ

ഗ്രാമപഞ്ചായത്തിന്റെ 2017-18 വാർഷിക കണക്കുകളുടെ പരിശോധനയും അക്കൗണ്ട് സർട്ടിഫിക്കേഷനും 21.06.2018, 22.06.2018 തീയതികളിൽ നടത്തി. അക്കൗണ്ട് സർട്ടിഫിക്കേഷൻ റിപ്പോർട്ടും ഓഡിറ്റ് സാക്ഷ്യപത്രവും 29.08.2018-ലെ കെ.എസ്.എ.-ഇ.കെ.എം.(പിജി)-1786(10)/2018 പ്രകാരം പുറപ്പെടുവിച്ചിട്ടുണ്ട്. സാക്ഷ്യപത്രത്തിൽ പരാമർശിച്ചിരുന്ന ഭൂരിഭാഗം അപാകതകളും സ്ഥാപനം പരിഹരിച്ചിട്ടുണ്ട്.

അവശേഷിക്കുന്നവ ഉൾപ്പെടുത്തി ഓഡിറ്റ് സാക്ഷ്യപത്രം അനുബന്ധം-1 ആയി ഉൾപ്പെടുത്തിയിട്ടുണ്ട്.

# ഭാഗം-2

## വരവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 വണ്ടിതാവള കച്ചവടസമുച്ചയത്തിലെ 4/323ബി നമ്പർമുറി - വാടക കുടിശ്ശിക ഈടാക്കിയിട്ടില്ല

പഞ്ചായത്ത് വക വണ്ടിതാവള കച്ചവട സമുച്ചയത്തിലെ 4/323ബി നമ്പർമുറി 2017-18 വർഷത്തേയ്ക്ക് വാടകയ്ക്ക് എടുത്ത ശ്രീമതി. മേഴ്സി പൊന്നപ്പൻ എന്ന വ്യക്തി 9/2017 മുതൽ 3/2018 വരെയുള്ള 14707/-രൂപ (2101*7) നാളിതുവരെ അടവാക്കിയിട്ടില്ലായെന്ന് വാടക രജിസ്റ്റർ പരിശോധിച്ചതിൽ നിന്ന് വ്യക്തമായി. ടി വിഷയം സംബന്ധിച്ച് ഓഡിറ്റ് അന്വേഷണം – നമ്പർ 5 -ന് നൽകിയ മറുപടിയിൽ 4 മാസത്തെ കുടിശ്ശിക ഈടാക്കിയിട്ടുണ്ടെന്ന് അറിയിച്ചു. ശേഷിക്കുന്ന 3 മാസത്തെ കുടിശ്ശിക പലിശ സഹിതം ഈടാക്കേണ്ടതും അല്ലാത്ത പക്ഷം ടിയാരിയെ ഒഴിവാക്കി മുറി പുനർ ലേലം ചെയ്യുന്നതിന് നടപടി സ്വീകരിക്കേണ്ടതുമാണ്.

## 2-2 കുരുമല ടൂറിസം പദ്ധതി

ഇലഞ്ഞി ഗ്രാമപഞ്ചായത്തിലെ മൂന്നാംവാർഡിൽ സ്ഥിതിചെയ്യുന്ന കുരുമല ടൂറിസം പദ്ധതിക്കായി ഗ്രാമ പഞ്ചായത്ത് വിവിധ വർഷങ്ങളിലായി ഡി.റ്റി.പി.സി., ടൂറിസം വകുപ്പ് എന്നിവയുടെ സഹായത്തോടെ വിവിധ അടിസ്ഥാന

സൗകര്യങ്ങൾ ലഭ്യമാക്കുന്നതിന് തുക ചെലവഴിച്ചിട്ടുണ്ട്. നിലവിൽ വാച്ച് ടവർ, ഇടിമിന്നൽ സുരക്ഷാ ജാലകം എന്നിവ സ്ഥാപിക്കുന്നതിനുള്ള നടപടികൾ നടന്നു വരുന്നു. എന്നാൽ ചില പ്രാദേശിക പ്രശ്നങ്ങൾ കാരണം പദ്ധതി നിർമ്മാണ പ്രവർത്തനങ്ങൾ മന്ദഗതിയിലാണ്. പദ്ധതി അടിയന്തിരമായി പൂർത്തിയാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കാത്തതുമൂലം ഗ്രാമ പഞ്ചായത്തിനു ഈ പദ്ധതിയിൽ നിന്നും നിലവിൽ വരുമാനം ലഭിക്കുന്നില്ല. തനത് വരുമാനം വളരെ കുറവായ പഞ്ചായത്തിന് പദ്ധതി സമയബന്ധിതമായി പൂർത്തീകരിച്ച് സന്ദർശകരിൽ നിന്നും പ്രവേശന ഫീസ് ഈടാക്കിയാൽ നല്ലൊരു തുക വരുമാനം ലഭിക്കുന്നതാണ്. ആയതിനാൽ ഈ വിഷയം പഞ്ചായത്ത് കമ്മറ്റിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.

## 2-3 <u>മരങ്ങൾ പുനർലേലം നടത്തുന്നതിന് തുടർ നടപടികൾ സ്വീകരിച്ചില്ല</u>

അന്ത്യാൽ മഹിളാ സമാജം 32-ാം നമ്പർ അങ്കണവാടിയിലെ മുറിച്ചിട്ടിരിക്കുന്ന മഹാഗണി മരത്തിന്റെ പുനർ ലേലം 12/12/2017 തീയതിയിൽ എ2/4800 നമ്പർ നോട്ടീസ് പ്രകാരം നടത്തിയതിൽ ലേല നടപടിയിൽ ഹാജരായവർ ക്വോട്ട് ചെയ്തിട്ടുള്ള വില, എറണാകുളം ഡെപ്യൂട്ടി ഫോറസ്റ്റ് കൺസർവേറ്റർ നിർണ്ണയിച്ച് നൽകിയിട്ടുള്ള വിലയേക്കാളും കുറവായതിനാൽ പുനർ ലേലം നടത്തുന്നത് സംബന്ധിച്ച തുടർ നടപടികൾ സ്വീകരിക്കുന്നതിന് സെക്രട്ടറിയെ ചുമതലപ്പെടുത്തി ഭരണസമിതി തീരുമാനിച്ചിരുന്നു. ഇതു കൂടാതെ ഇലഞ്ഞി എൽ.പി.സ്കൂൾ കോമ്പൗണ്ടിൽ നോട്ടീസ് പ്രകാരം നടത്തിയ ലേല നടപടിയിൽ ഹാജരായവർ ക്വോട്ട് ചെയ്തിട്ടുള്ള വില, എറണാകുളം ഡെപ്യൂട്ടി ഫോറസ്റ്റ് കൺസർവേറ്റർ നിർണ്ണയിച്ച് നൽകിയിട്ടുള്ള വിലയേക്കാളും കുറവായതിനാൽ പുനർ ലേലം നടത്തുന്നത് സംബന്ധിച്ച തുടർ നടപടികൾ സ്വീകരിക്കുന്നതിന് ആയതും സെക്രട്ടറിയെ ചുമതലപ്പെടുത്തി ഭരണസമിതി തീരുമാനിച്ചിരുന്നു. എന്നാൽ ടി മരങ്ങൾ നാളിതുവരെ പുനർ ലേലം ചെയ്തു നൽകിയിട്ടില്ല. മരങ്ങൾ നശിച്ചുപോകുവാൻ സാധ്യത ഉള്ളതിനാൽ ഭരണവകുപ്പിൽ നിന്നും ആവശ്യമായ അനുമതി ലഭ്യമാക്കി ടി മരങ്ങൾ പുനർ ലേലം ചെയ്ത് നൽകേണ്ടതാണ്.

## 2-4 <u>ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കിയതിലെ അപാകതകൾ</u>

1) വിജ്ഞാൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സയൻസ് ആന്റ് ടെക്നോളജി എന്ന

സ്ഥാപനത്തിലെ ജീവനക്കാരുടെ 2016-17 രണ്ടാം അർദ്ധ വർഷത്തെയും 2017-18 ഒന്നാം അർദ്ധവർഷത്തെയും തൊഴിൽ നികുതി ഈടാക്കിയതിൽ താഴെ ചേർത്ത പ്രകാരം അപാകത സംഭവിച്ചിട്ടുണ്ട്.

| ക്രമ നം. | ജീവനക്കാരുടെ പേരു വിവരം | അർദ്ധ വാർഷിക വരുമാനം | 2016-17 2nd half അടച്ച തുക | 2017-18 1st half അടച്ച തുക | 2016-17 2nd half അടയ് ക്കേണ്ട തുക | 2017-18 1st half അടയ് ക്കേണ്ട തുക | കുറവ് | രസീതു നമ്പർ |
|---|---|---|---|---|---|---|---|---|
| 1 | ബിജോ പാറശ്ശേരിൽ | 10,800 | 300 | 300 | 1000 | 1000 | 1400 | 2017-18 1st half 117020500019/ 27/2/2018 |
| 2 | ഹരിലാൽ.കെ.ജി | 3,60,000 | 600 | 600 | 1250 | 1250 | 1300 | |
| 3 | ശങ്കർബോസ് | 1,08,000 | 400 | 400 | 1000 | 1000 | 1200 | |
| 4 | സൂസൻ ജേക്കബ് | 1,38,600 | 400 | 400 | 1250 | 1250 | 1700 | |
| 5 | ആതിര ജേക്കബ് | 1,38,600 | 500 | 500 | 1250 | 1250 | 1500 | |
| 6 | ശ്രീജിത്ത്.കെ. ബാബു | 1,20,000 | 300 | 300 | 1000 | 1000 | 1400 | |
| 7 | ജ്യോതിസ്.കെ. ജെയിംസ് | 1,38,600 | 400 | 400 | 1250 | 1250 | 1700 | 2016-17 2nd half 117020500001 /27.7.2017 |
| 8 | അനില.എം | 1,38,600 | 600 | 600 | 1250 | 1250 | 1300 | |
| 9 | ശ്യാം മോഹൻ.സി | 45000 | 150 | 150 | 450 | 450 | 600 | |
| 10 | അമൃത.എസ് | 1,38,960 | 600 | 600 | 1250 | 1250 | 1300 | |
| 11 | ദിവ്യശ്രീ ജിനേഷ് | 1,38,960 | 600 | 600 | 1250 | 1250 | 1300 | |
| 12 | സുഭാഷ് എബ്രഹാം പുന്നൂസ് | 1,50,000 | 400 | 400 | 1250 | 1250 | 1700 | |
| 13 | ബിന്ദു ഹരിദാസ് | 1,50,000 | 400 | 400 | 1250 | 1250 | 1700 | |
| | ആകെ | | 5650 | 5650 | 14700 | 14700 | 18100 | |

ഈ വിഷയം സംബന്ധിച്ച് ഓഡിറ്റ് എൻക്വയറി നം-6 നൽകിയിരുന്നുവെങ്കിലും രേഖാമൂലം മറുപടി ലഭ്യമാക്കിയിട്ടില്ല. തുടർന്ന് ഈ വിഷയം എക്സിറ്റ് മീറ്റിംഗിൽ ചർച്ച ചെയ്തപ്പോൾ സ്ഥാപനത്തിലെ ജീവനക്കാർ മുഴുവൻ ദിവസവും ജോലി

ചെയ്യില്ലെന്നും അവരുടെ അടിസ്ഥാന ശമ്പളമാണ് അർദ്ധ വാർഷിക വരുമാനമായി കാണിച്ചതെന്നും അസിസ്റ്റന്റ് സെക്രട്ടറി അറിയിച്ചു. ഈ സ്ഥാപനത്തിലെ ജീവനക്കാർ യഥാർത്ഥത്തിൽ ജോലിചെയ്ത ദിവസം കണക്കാക്കി സ്ഥാപന മേധാവിയിൽ നിന്നും നിശ്ചിത മാതൃകയിൽ അർദ്ധ വാർഷിക വരുമാന പത്രിക രേഖാമൂലം ആവശ്യപ്പെട്ട് ലഭ്യമാക്കി കൃത്യമായ തൊഴിൽ നികുതി ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

2) വിജ്ഞാൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സയൻസ് & ടെക്നോളജിയിലെ 2016-17 2nd half ൽ തൊഴിൽ നികുതി അടച്ച ജീവനക്കാരുടെ തൊഴിൽ നികുതി അടച്ച ജീവനക്കാരുടെ തൊഴിൽ നികുതി രജിസ്റ്ററിൽ രേഖപ്പെടുത്തിയിരിക്കുന്ന പേരു വിവരങ്ങളും സ്ഥാപന മേധാവി നൽകിയിട്ടുള്ള അർദ്ധവാർഷിക വരുമാന പത്രികയിലെ പേരു വിവരങ്ങളും പൊരുത്തപ്പെടുന്നില്ല.

3) മിനി മുത്തൂറ്റ് ഇലഞ്ഞി, അപ്പച്ചി വൈദ്യൻസ് ഇലഞ്ഞി, മാവേലി സ്റ്റോർ മുത്തോലപുരം, സെന്റ് പീറ്റേഴ്സ് ആശുപത്രി ഇലഞ്ഞി എന്നീ സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

4) മുത്തൂറ്റ് മൈക്രോഫിൻ ലിമിറ്റഡ്, മിനി മുത്തൂറ്റ് ഇലഞ്ഞി, BSNL, SBT, സെന്റ് ഫിലോമിനാസ് പബ്ലിക് സ്കൂൾ, KKJ ഗ്രൂപ്പ് ഇന്റർ നാഷണൽ, ക്ഷീരോല്പാദക സഹകരണ സംഘം, ഇലഞ്ഞി എന്നീ സ്ഥാപനങ്ങളുടെ സ്ഥാപന തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

# ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 ലൈഫ് ഭവനനിർമ്മാണം-കരാർ വ്യവസ്ഥ പാലിച്ചിട്ടില്ല

പഞ്ചായത്തിൽ 2017-18 വർഷം ലൈഫ് ഭവനപദ്ധതി ജനറൽ (നം.എസ്0157/18), എസ്.സി (നം.എസ്0155/18) വിഭാഗങ്ങളിലായി നടപ്പിലാക്കിയിട്ടുണ്ട്. എസ്.സി വിഭാഗത്തിൽ 1 ഗുണഭോക്താവും ജനറൽ വിഭാഗത്തിൽ 11 ഗുണഭോക്താക്കളും ഉണ്ട്. പഞ്ചായത്തുമായി ഗുണഭോക്താക്കൾ കരാറിൽ ഏർപ്പെട്ടിരിക്കുന്നത് 27.3.2018 -ലാണ്. കരാർ വ്യവസ്ഥ പ്രകാരം ടി തീയതി മുതൽ 6 മാസത്തിനകം ഭവനനിർമ്മാണം പൂർത്തീകരിക്കേണ്ടതായിരുന്നുവെങ്കിലും ഗുണഭോക്താക്കളാരും നാളിതുവരെ ഭവനനിർമ്മാണം പൂർത്തീകരിച്ചിട്ടില്ല. വിശദവിവരം താഴെ ചേർക്കുന്നു.

| ക്രമ നം | ഗുണഭോക്താവിന്റെ പേര് | നല്കിയ തുക | റിമാർക്സ് |
|---|---|---|---|
| 1 | മേരിക്കുട്ടി ജോൺ | 40000 | ഗഡു 1/31.3.18 |
| | | 160000 | ഗഡു2/ 30.4.18 |

| | | | |
|---|---|---|---|
| | | 160000 | ഗഡു3/30.5.18 |
| 2 | കെ.പി.ജോണി | 40000 | ഗഡു 1/31.3.18 |
| | | 160000 | ഗഡു 2/30.5.18 |
| | | 160000 | ഗഡു 3/26.6.18 |
| 3 | തങ്കച്ചൻ | 40000 | ഗഡു1 /31.3.18 |
| | | 160000 | ഗഡു 2/26.6.18 |
| | | 160000 | ഗഡു3/20.7.18 |
| 4 | പി.ജെ.ജോൺസൺ | 40000 | ഗഡു 1/31.3.18 |
| | | 160000 | ഗഡു 2/8.6.18 |
| | | 160000 | ഗഡു3/26.6.18 |
| 5 | യേശുദാസ് | 40000 | ഗഡു1 /31.3.18 |
| | | 160000 | ഗഡു2 /27.4.18 |
| | | 160000 | ഗഡു3 /30.5.18 |
| 6 | ലിസ്സി മാർക്കോസ് | 40000 | ഗഡു1 /31.3.18 |
| 7 | ഷൈനി ജോസ് | 40000 | ഗഡു1 /31.3.18 |
| | | 160000 | ഗഡു2 /27.4.18 |
| | | 160000 | ഗഡു3 /30.5.18 |
| 8 | ഗീത ഷാജി | 40000 | ഗഡു1 /31.3.18 |
| 9 | അന്നാമ്മ | 40000 | ഗഡു1 /31.3.18 |
| | | 160000 | ഗഡു2 /30.5.18 |
| | | 160000 | ഗഡു3 /26.6.18 |
| 10 | ഗ്രേസി ജോസ് | 40000 | ഗഡു 1/31.3.18 |
| | | 160000 | ഗഡു 2/30.5.18 |
| | | 160000 | ഗഡു3/8.6.18 |
| 11 | ജയൻ.എസ്. | 40000 | ഗഡു 1/31.3.18 |
| | | 160000 | ഗഡു 2/26.6.18 |
| | | 160000 | ഗഡു3/25.7.18 |
| 12 | തങ്കച്ചൻ മാരാകുളത്തിൽ | 40000 | ഗഡു 1/31.3.18 |

മേൽ സൂചിപ്പിച്ച വസ്തുതയിന്മേൽ വിശദീകരണം ആരാഞ്ഞുകൊണ്ട് ഓഡിറ്റ് അന്വേഷണം (നം.7/27.10.2018) നല്കിയിരുന്നുവെങ്കിലും മറുപടി ലഭ്യമാക്കിയില്ല. മേൽ സൂചിപ്പിച്ച ഗുണഭോക്താക്കളുടെ ഭവനനിർമ്മാണം പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ ത്വരിതപ്പെടുത്തേണ്ടതാണ്.

## 3-2 പത്രപരസ്യങ്ങൾ വലിപ്പം കൂട്ടി നൽകിയതുമൂലം അധിക ചെലവ്

പൊതുഭരണ (ഇൻഫർമേഷൻ ആന്റ് പബ്ലിക് റിലേഷൻസ് -ഡി)വകുപ്പ്

(അച്ചടിച്ചത്) 01/04 ഐ ആന്റ് പി. ആർ, 01-01-04 ലെ ഉത്തരവ്, 21-06-04 ലെ 7441/ഡി-1/04 ഐ ആന്റ് പി.ആർ സർക്കുലർ പ്രകാരം ദർഘാസ് പരസ്യങ്ങൾ വിൻഡോ രൂപത്തിൽ, 8 കോളംX 3cm (8 x 3 = 24sqcm) വലുപ്പത്തിൽ മാത്രമായിരിക്കണം. പരസ്യത്തിന്റെ പൂർണ്ണരൂപം ലഭ്യമാകുന്നതിന് സർക്കാർ വെബ്സൈറ്റ് പരിശോധിക്കേണ്ടതോ, അല്ലെങ്കിൽ പഞ്ചായത്ത് ഓഫീസിൽ നിന്നും നേരിട്ട് ലഭ്യമാകുന്നതോ ആണ്. എന്നാൽ പഞ്ചായത്തിൽ പദ്ധതി നിർവ്വഹണവുമായി ബന്ധപ്പെട്ട പത്രപരസ്യങ്ങൾ വലിപ്പം കൂട്ടി നൽകിയതുമൂലം അധിക ചെലവ് ഉണ്ടായിട്ടുണ്ട്.

ഈ വിഷയം സംബന്ധിച്ച വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി നമ്പർ 1 നൽകിയിരുന്നു. ആയതിന് മറുപടിയായി ടി അപാകതകൾ ആവർത്തിക്കാതിരിക്കുവാൻ ശ്രദ്ധിക്കുന്നതാണ് എന്ന് വ്യക്തമാക്കിയിട്ടുണ്ട്. പരസ്യങ്ങൾ പ്രസിദ്ധീകരണത്തിന് നൽകുമ്പോൾ സർക്കാർ ഉത്തരവിലെ നിർദ്ദേശങ്ങൾ പാലിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

## 3-3 വെള്ളക്കരം കുടിശ്ശിക - കുടിശ്ശിക അടച്ചിട്ടും പഞ്ചായത്തിന് ബാധ്യത

പഞ്ചായത്തിൽ വാട്ടർ ചാർജ്ജിനത്തിൽ കുടിശ്ശിക നിലനിൽക്കുന്നതായി കാണുന്നു. കേരള വാട്ടർ അതോറിറ്റിയുടെ 04/2017 ലെ ബിൽ പ്രകാരം മുൻബാക്കി 20681573 /- രൂപയായിരുന്നു. വൻ കുടിശ്ശിക ഉണ്ടായിരുന്ന ഗ്രാമ പഞ്ചായത്തിന് ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി പ്രകാരം അടയ്ക്കേണ്ടിയിരുന്ന തുക 4670388 /- രൂപയായി ഇളവ് ചെയ്ത് നൽകിയിരുന്നു. ടി തുക 2017-18, 2018-19 സാമ്പത്തിക വർഷങ്ങളിൽ പ്രൊജക്റ്റ് മുഖാന്തിരം പഞ്ചായത്ത് അടച്ചിരുന്നു. കൂടാതെ അതാത് മാസങ്ങളിലെ ബിൽ തുക യഥാസമയം ഗ്രാമ പഞ്ചായത്ത് അടച്ചിട്ടുമുണ്ട്. എന്നാൽ നിലവിലെ ബില്ലുകളിലും വാട്ടർ അതോറിട്ടി 1333747/- രൂപാ കുടിശ്ശിക, 26103/- രൂപ ഫൈൻ എന്നീ ഇനങ്ങളിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ടി തുകയ്ക്ക് 2% ഫൈൻ ഓരോ മാസവും ചുമത്തുന്നുണ്ട്. അതു വഴി അടയ്ക്കാൻ ബാക്കി നിൽക്കുന്ന തുകയിൽ സാരമായ വർദ്ധനവ് ഉണ്ടാകുന്നതായി കാണുന്നു. മുഴുവൻ കുടിശ്ശിക തുകയും അടച്ചു തീർത്തിട്ടും വീണ്ടും കുടിശ്ശിക തുക KWA ബില്ലിൽ ഉൾപ്പെടുത്തുന്നത് സംബന്ധിച്ച് തുടർ നടപടികൾ സ്വീകരിക്കുന്നതിന് ഈ വിഷയം പഞ്ചായത്ത് കമ്മറ്റിയുടെ

ശ്രദ്ധയിൽ പെടുത്തുന്നു.

## 3-4 പൊതു ടാപ്പുകളുടെ സംയുക്ത പരിശോധന പൂർത്തിയാക്കിയിട്ടില്ല

KWA-യുടെ ബിൽ പ്രകാരം 330 വാട്ടർ ടാപ്പുകൾ നിലവിലുള്ളതായി കാണിച്ചിട്ടുണ്ട്. G.O.(Rt) 1501/2006/L.S.G.D/ 23.06.2006, G.O(Rt) 2242/2011/L.S.G.D/ 28.09.2011 എന്നിവയുടെ അടിസ്ഥാനത്തിൽ KWA-യുമായി സംയുക്ത പരിശോധന നടത്തി പ്രവർത്തനക്ഷമമായ ടാപ്പുകളുടെ എണ്ണം നിർണ്ണയിയിക്കുന്നതിനുള്ള നടപടികൾ ഗ്രാമ പഞ്ചായത്തിൽ നടന്നു വരുന്നുവെങ്കിലും നാളിതു വരെ പൂർത്തിയായിട്ടില്ല. ആയതിനാൽ പ്രതിമാസം വലിയ തുക വെള്ളക്കരം ഇനത്തിൽ ഗ്രാമ പഞ്ചായത്ത് അടവാക്കേണ്ടി വരുന്നു. സംയുക്ത പരിശോധന നടത്തി പ്രവർത്തനക്ഷമമായ ടാപ്പുകളുടെ എണ്ണം നിർണ്ണയിയിക്കുന്നതിനുള്ള അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-5 ഉപയോഗമില്ലാത്ത ഇന്റർനെറ്റ് കണക്ഷൻ- പ്രതിമാസ വാടക അടയ്ക്കുന്നത് സംബന്ധിച്ച്

ഗ്രാമ പഞ്ചായത്തിലെ ടെലിഫോൺ ബില്ലുകളിൽ 9446445827 എന്ന നമ്പരിൽ BSNL- Netsetter -ന്റെ പ്രതിമാസ വാടകയായി 114/- രൂപ വീതം അടയ്ക്കുന്നതായി കാണുന്നു. എന്നാൽ ബില്ലുകൾ പ്രകാരം എല്ലാ മാസങ്ങളിലും ഡാറ്റ ഉപയോഗം ഇല്ല എന്ന് രേഖപ്പെടുത്തിയിട്ടുണ്ട്. ടി നെറ്റ്സെറ്റർ നിലവിൽ ഉപയോഗിക്കുന്നുണ്ടോ എന്നും, ഉപയോഗമില്ലാതെ പ്രതിമാസ വാടക അടയ്ക്കുന്നത് സംബന്ധിച്ച വിശദീകരണം ലഭ്യമാക്കുവാൻ ഓഡിറ്റ് എൻക്വയറി നൽകിയിരുന്നു. മറുപടിയിൽ ടി കണക്ഷൻ റദ്ദ് ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. ഗ്രാമ പഞ്ചായത്തിൽ നിലവിൽ മറ്റു ഇന്റർനെറ്റ് കണക്ഷനുകൾ ലഭ്യമായതിനാൽ ഉപയോഗമില്ലാത്ത കണക്ഷൻ നിർത്തലാക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

## 3-6 KL-7R 9088-നമ്പർ ജീപ്പ്- ഉപയോഗമില്ലാത്തത് -സംബന്ധിച്ച്

പാലിയേറ്റീവ് കെയർ പദ്ധതിക്കായി ഉപയോഗപ്പെടുത്തുന്നതിന് വിൻകോസ് എന്ന സ്ഥാപനം KL-7R 9088 -നമ്പർ ജീപ്പ് ഗ്രാമ പഞ്ചായത്തിന്റെ പേരിൽ സൗജന്യമായി നൽകിയിരുന്നു. 1997 -ൽ നിർമ്മിച്ച ടി ജീപ്പ് പാലിയേറ്റീവ്

കെയർ പദ്ധതിക്കായി മുൻ കാലങ്ങളിൽ ഉപയോഗിച്ചിരുന്നു. തുടർന്ന് ഈ ആവശ്യത്തിലേയ്ക്കായി ഗ്രാമ പഞ്ചായത്ത് ആംബുലൻസ് വാങ്ങിയിരുന്നു.
ഗ്രാമ പഞ്ചായത്തിലെ ബിൽ രജിസ്റ്റർ പ്രകാരം 10/2017 - ൽ KL-7R 9088 -നമ്പർ ജീപ്പിന്റെ ഇൻഷുറൻസ് തുക ഇനത്തിൽ 9488/- രൂപ ചെലവാക്കിയിട്ടുണ്ട്. എന്നാൽ ഈ ജീപ്പ് ഗ്രാമ പഞ്ചായത്തിൽ നിലവിൽ ഉപയോഗിക്കുന്നതായി കാണുന്നില്ല. ആയതിനാൽ ടി ജീപ്പിന്റെ നിലവിലത്തെ അവസ്ഥ, ലോഗ് ബുക്ക്, മറ്റ് അനുബന്ധ രേഖകൾ എന്നിവ ലഭ്യമാക്കുവാൻ ഓഡിറ്റ് എൻക്വയറി നൽകിയിരുന്നു. മറുപടിയിൽ ടി ജീപ്പ് ആംബുലൻസ് കേടുവരുമ്പോൾ മാത്രമാണ് ഉപയോഗിക്കുന്നതെന്ന് വ്യക്തമാക്കിയിട്ടുണ്ട്. വാഹനത്തിന് നിലവിൽ ഉപയോഗം ഇല്ലാത്തതിനാലും, 21 വർഷത്തെ പഴക്കം ആയതിനാലും ലേലം ചെയ്ത് നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-7 <u>ഗ്രാമപഞ്ചായത്ത് ആഫീസ് കോമ്പൗണ്ടിൽ പാമ്പാക്കുട ബ്ലോക്ക് പഞ്ചായത്ത് നിർമ്മിച്ചിട്ടുള്ള വനിതാ വ്യവസായകേന്ദ്രം - ഉടമസ്ഥാവകാശം ഉറപ്പാക്കിയിട്ടില്ല</u>

ഇലഞ്ഞി ഗ്രാമപഞ്ചായത്ത് ആഫീസ് കോമ്പൗണ്ടിൽ പാമ്പാക്കുട ബ്ലോക്ക് പഞ്ചായത്ത് നിർമ്മിച്ചിട്ടുള്ള വനിതാ വ്യവസായകേന്ദ്രം കെട്ടിടം സംബന്ധിച്ച് പഞ്ചായത്ത് കമ്മറ്റിയിൽ പല തവണ ചർച്ചകൾ നടന്നതായി കമ്മറ്റി മിനിട്സ് പരിശോധിച്ചതിൽ നിന്നും കാണുവാൻ കഴിഞ്ഞു
പഞ്ചായത്തിന്റെ കൈവശത്തിലിരുന്ന സ്ഥലമാണെന്ന് ചില മെമ്പർമാർ അഭിപ്രായപ്പെട്ടിരുന്നു. എന്നാൽ ഈ <u>സ്ഥലത്തു</u> തന്നെ മുൻപ് VEO ഓഫീസ് സ്ഥിതി ചെയ്തിരുന്നതാണെന്നും ആയതിനാൽ ബ്ലോക്കിന്റെ സ്ഥലമാണെന്ന വാദവും നിലവിലുണ്ട്. കളക്ടറുടെ മദ്ധ്യസ്ഥതയിൽ ഈ വിഷയത്തിൽ ചർച്ചകൾ നടന്നതായും തുടർന്ന് ബ്ലോക്ക് ടി സ്ഥലത്ത് വനിതാ വ്യവസായ കേന്ദ്രം പണിയുകയും ചെയ്തു. ടി കെട്ടിടം പണിതിരിക്കുന്നത് പഞ്ചായത്തിൽ നിന്ന് നിർമ്മാണാനുമതി വാങ്ങാതെയുമാണെന്നും പഞ്ചായത്ത് കമ്മിറ്റിയിൽ പരാമർശിച്ചു കാണുന്നു. (യോഗ തീയതി :21.01.2017 തീരുമാന നമ്പർ :- 14). ഈ വിഷയം സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കുവാൻ ഓഡിറ്റ് എൻക്വയറി നൽകിയതിന് ലഭ്യാമാക്കിയ മറുപടിയിൽ ഉടമസ്ഥത സംബന്ധിച്ച് തീരുമാനം നാളിതുവരെ ഉണ്ടായിട്ടില്ല എന്ന് വ്യക്തമാക്കി. ഈ വിഷയം ബ്ലോക്ക് <u>പഞ്ചായത്തുമായി</u> ചർച്ച ചെയ്ത് ഉടമസ്ഥാവകാശം സംബന്ധിച്ച തീരുമാനം എടുക്കേണ്ടതാണ്.

## 3-8 സെക്രട്ടറി നടപ്പാക്കിയ പദ്ധതികൾ - അപാകതകൾ

പ്രൊ. നം SO 29/18 – സോളാർ പ്ലാൻറ് സ്ഥാപിക്കൽ

പദ്ധതി പ്രകാരം ഗ്രാമ പഞ്ചായത്ത് ഓഫീസിൽ 2KW ഓഫ് ഗ്രിഡ്, 10 KW ഓൺ ഗ്രിഡ് എന്നീ സോളാർ പ്ലാന്റുകൾ സ്ഥാപിച്ചിട്ടുണ്ട്. പദ്ധതിയുടെ നോഡൽ ഏജൻസിയായ ANERT സമർപ്പിച്ച മാർഗ്ഗ രേഖ, 02.06.2017 ലെ DA-1/244 /2017/LSGD നമ്പർ സർക്കുലർ എന്നിവ പ്രകാരം പ്ലാന്റിന്റെ കമ്മീഷനിംഗ് റിപ്പോർട്ട് ANERT- ൽ ലഭ്യമാക്കുന്ന മുറയ്ക്ക് ANERT പരിശോധന നടത്തി കേന്ദ്ര നവ നവീന ഊർജ്ജ മന്ത്രാലയത്തിന്റെ സബ്സിഡി ലഭ്യമാക്കുന്നതിനായി സമർപ്പിക്കുമെന്ന് വ്യക്തമാക്കിയിട്ടുണ്ട്. ഈ വിഷയം സംബന്ധിച്ച് ഓഡിറ്റ് എൻക്വയറി നൽകിയിരുന്നു. എന്നാൽ സബ്സിഡി ലഭ്യമായിട്ടില്ല എന്നാണ് മറുപടി ലഭ്യമാക്കിയിട്ടുള്ളത്. ഈ വിഷയം സംബന്ധിച്ച് ANERT – മായി ബന്ധപ്പെട്ട സബ്സിഡി ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ് .

കൂടാതെ KSEB നൽകിയ മാർഗ്ഗരേഖ പ്രകാരം സോളാർ പ്ലാന്റിൽ നെറ്റ് മീറ്റർ, സോളാർ മീറ്റർ എന്നിവ സ്ഥാപിച്ചതിനു ശേഷം എല്ലാ വർഷവും സെപ്റ്റംബർ മാസത്തിൽ ഗ്രിഡിലേയ്ക്ക് നൽകിയ വൈദ്യുതിയുടെ കണക്ക് എടുക്കുകയും വൈദ്യുതി മിച്ചമുണ്ടെങ്കിൽ (500 UNIT – ന് മുകളിൽ) ആയതിന് തുക നൽകുന്നതാണെന്നും, എല്ലാമാസവും റീഡിംഗ് എടുത്ത് ബിൽ നൽകുന്നതാണെന്നും വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ KSEB -യിൽ നിന്നും തുകയൊന്നും ലഭിച്ചിട്ടില്ലായെന്ന് മറുപടിയിൽ വ്യക്തമാക്കിയിട്ടുണ്ട്. ആയതിനാൽ KSEB – യിൽ നിന്നും തുക ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-9 ആശ്രയ പദ്ധതി ലക്ഷ്യം കൈവരിച്ചില്ല

സമൂഹത്തിലെ ഏറ്റവും ദുർബലരും സമൂഹത്തിന്റെ കൈത്താങ്ങ് ആവശ്യവുമായ ജനവിഭാഗങ്ങളുടെ ഉന്നമനം ലക്ഷ്യമിട്ടുകൊണ്ട് നടപ്പാക്കുന്ന ആശ്രയ പദ്ധതിയുടെ ലക്ഷ്യങ്ങൾ പൂർണമായി നിറവേറ്റുന്നതിന് ഗ്രാമപഞ്ചായത്തിന് സാധിച്ചിട്ടില്ലായെന്ന് കാണുന്നു. ആശ്രയ പദ്ധതിയുടെ ഒന്നാം ഘട്ട പ്രോജക്റ്റിന് 2010 സാമ്പത്തിക വർഷം അനുമതി ലഭിച്ചിരുന്നു. കൂടാതെ ആശ്രയ രണ്ടാം ഘട്ടം പ്രോജക്റ്റിന്, 2015 -ലും അംഗീകാരം ലഭിച്ചിരുന്നു. ആശ്രയ ഒന്നാംഘട്ട തുടർസേവന പ്രോജക്റ്റിന് നാളിതുവരെ അംഗീകാരം ലഭിച്ചിട്ടില്ല. അംഗീകാരം ലഭ്യമാകുന്നതിനുള്ള നടപടികൾ അടിയന്തിരമായി നടപ്പാക്കേണ്ടതാണ്.

ആശ്രയ പദ്ധതിയുടെ ക്യാഷ് ബുക്ക് പ്രകാരം 03.03.2010 -ൽ ഗ്രാമപഞ്ചായത്തിൽ നിന്നും നൽകിയ 300000/- രൂപ നിലവിലും ചെലവഴിക്കാതെ അവശേഷിക്കുന്നതായി കാണുന്നു. ടി തുക ഏത് ആവശ്യത്തിന് നൽകിയതാണെന്ന് വ്യക്തമല്ല. ടി തുക അനുവദിച്ചത് സംബന്ധിച്ച വിശദാംശങ്ങൾ കണ്ടെത്തി തുക ചെലവഴിക്കുകയോ അല്ലാത്ത പക്ഷം തിരികെ അടയ്ക്കുകയോ ചെയ്യേണ്ടതാണ്.

ആശ്രയ ഒന്നാം ഘട്ട പ്രോജക്ടിൽ ഭവനനിർമാണം ആവശ്യമായ 34 ഗുണഭോക്താക്കളിൽ 5 പേർക്കും മാത്രമാണ് വീടുകൾ നൽകുവാൻ നാളിതുവരെ കഴിഞ്ഞത്. രണ്ടാം ഘട്ട പ്രോജക്ടിൽ ഭവനനിർമാണം ആവശ്യമായ 15 ഗുണഭോക്താക്കളിൽ ആർക്കും വീട് നൽകിയിട്ടില്ല. രണ്ടാം ഘട്ട പ്രൊജക്ടിലെ വളരെയധികം ഗുണഭോക്താക്കൾക്ക് കുടിവെള്ള സ്രോതസ്സ്, വീട് റിപ്പയർ എന്നിവയും ലഭ്യമാക്കുവാൻ അവശേഷിക്കുന്നു.
മറ്റ് വിഭാഗങ്ങളേക്കാൾ ഏറ്റവും മുൻഗണന ആവശ്യമുള്ള ആശ്രയ ഗുണഭോക്താക്കൾക്ക് ആവശ്യമായ സേവനങ്ങൾ സമയബന്ധിതമായും അടിയന്തിരമായും നടപ്പാക്കുന്നതിന് പഞ്ചായത്ത് ഭരണസമിതിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

## 3-10 വിനിയോഗ സാക്ഷ്യപത്രം ലഭിച്ചിട്ടില്ല - 566308/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു

സെക്രട്ടറി നിർവ്വഹണം നടത്തിയ താഴെപ്പറയുന്ന പ്രോജക്ടുകളുടെ ധനവിനിയോഗ സാക്ഷ്യപത്രം ഓഡിറ്റിന് ഹാജരാക്കിയില്ല. വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കുന്നതുവരെ 566308/-രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

| ഏജൻസി | പ്രൊ. നം | വൗച്ചർ നം | തുക |
|---|---|---|---|
| KSEB | 0367 | 21701039 | 45000 |
| KSEB | 25/18 | 21701040, 21701048 | 203000 |
| KWA | 139/18 | 21701123 | 107600 |
| KWA | 140/18 | 21701124 | 53208 |
| KWA | 141/18 | 21701125 | 157500 |
| | | ആകെ | 566308 |

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| ക്രമ നം. | വിഹിതം നല്കിയ സ്ഥാപനം | തുക ലഭിച്ച വര്ഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|---|
| 1 | ജില്ലാ പഞ്ചായത്ത് | 2017-18 | 8,40,000 | ലൈഫ് ഭവനപദ്ധതി | 6,85,888 | 154112 |
| 2. | ബ്ലോക്ക് പഞ്ചായത്ത് | 2017-18 | 1,60,000 | ക്ഷീര സംഘങ്ങൾക്ക് പാലിന് ഇൻസെന്റീവ് | 1,60,000 | Nil |
| 3. | ബ്ലോക്ക് പഞ്ചായത്ത് | 2017-18 | 15,00,000 | ലൈഫ് പദ്ധതി എസ്.സി | 22,835 | 14, 77, 165 |
| 4. | ബ്ലോക്ക് പഞ്ചായത്ത് | 2017-18 | 5,00,000 | ക്രിമിറ്റോറിയം ചുറ്റമതിൽ | 4,98,867 | 1,133 |
| 5. | ജില്ലാ പഞ്ചായത്ത് | 2017-18 | 1,66,600 | നെൽകൃഷി സബ്സിഡി | 1,66,600 | Nil |

## 4-2 നിക്ഷേപ പ്രവൃത്തികൾക്ക് നല്കിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നല്കിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമ നം. | നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/ ചെക്ക് നം. | മുൻകൂർ നല്കിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| 1. | KSEB | വെട്ടിക്കാട്ട് വൈദ്യുത ലൈൻ മാറ്റിസ്ഥാപിക്കൽ | 21701039 | 45,000 | 0 | 45,000 |

| | | | | | | |
|---|---|---|---|---|---|---|
| 2. | KSEB | ഇലഞ്ഞി – ഞീഴൂർ PWD റോഡ് ഇഞ്ചക്കുഴി മുതൽ മാരാകുളം വരെ വൈദ്യുത ലൈന്മാറ്റി സ്ഥാപിക്കൽ | 21701040 21701048 | 2,03,000 | 0 | 2,03,000 |
| 3. | KWA | ശീമാൻകുന്നേപ്പടി നെല്ലൂരുപാറ പൈപ്പ് ലൈൻ അറ്റകുറ്റപണി തുക ഡെപ്പോസിറ്റ് ചെയ്യൽ | 21701123 | 1,07,600 | 0 | 1,07,600 |
| 4. | KWA | പെരുമ്പടവം പള്ളിപ്പടി കൊരവേലിക്കുന്ന് പൈപ്പ് ലൈൻ അറ്റകുറ്റപണി തുക ഡെപ്പോസിറ്റ് ചെയ്യൽ | 21701124 | 53,208 | 0 | 53,208 |
| 5. | KWA | പൊതുടാപ്പ് കട്ട് ചെയ്യൽ തുക വാട്ടർ അതോറിട്ടിയിൽ ഡെപ്പോസിറ്റ് ചെയ്യൽ | 21701125 | 1,57,500 | 0 | 1,57,500 |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഓഡിറ്റ് വർഷം മരാമത്ത് പ്രവൃത്തികൾക്ക് മൊബിലൈസേഷൻ അഡ്വാൻസായി ഗുണഭോക്തൃ സമിതികൾക്ക് തുകയൊന്നും നൽകിയിട്ടില്ല.

## 4-4 വായ്പ / വായ്പാതിരിച്ചടവ്

തൻ വർഷം വായ്പ / വായ്പാതിരിച്ചടവ് ഇല്ല.

## 4-5 സ്ഥിര നിക്ഷേപം

തൻ വർഷം സ്ഥിര നിക്ഷേപം ഇല്ല.

## 4-6 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം ലഭിച്ച 3, 23, 219 രൂപയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രസീത് നമ്പർ തീയതി |
|---|---|---|---|---|
| 2012-13 | 3-1 | 2,040 | റോബിൻ പോൾ, വെറ്ററിനറി സർജൻ | 117020102644/ 09-01-2018 |
| 2015-16 | 2-1 | 3,286 | കെ.എസ്. രവി സെക്രട്ടറി | 117020101649/ 26-09-2017 |
| 2015-16 | 2-3 | 305 | കെ.എസ്. രവി സെക്രട്ടറി | 117020101230/ 29-08-2017 |
| 2015-16 | 2-4 | 153 | കെ.എസ്.രവി സെക്രട്ടറി | 117020101863/ 09-10-2017 |
| 2016-17 | 2-2 | 773 | കെ.എസ്.രവി സെക്രട്ടറി | 117020101625/ 25-09-2017 |
| | | 773 | | 117020101626/ 25-09-2017 |
| | | 673 | | 117020101627/ 25-09-2017 |
| | | 673 | | 117020101628/ 25-09-2017 |
| | | 707 | | 117020101629/ 25-09-2017 |
| | | 523 | | 117020101630/ 25-09-2017 |
| | | 996 | | 117020101631/ 25-09-2017 |
| | | 996 | | 117020101632/ 25-09-2017 |
| | | 902 | | 117020101633/ 25-09-2017 |
| | | 902 | | 117020101634/ 25-09-2017 |
| | | 934 | | 117020101635/ 25-09-2017 |

| | | | | |
|---|---|---|---|---|
| | | 758 | | 117020101636/ 25-09-2017 |
| 2016-17 | 2-4 | 1,14,094 | | 117020500007/ 25-09-2017 |
| | | 8,302 | | 117020500008/ 25-09-2017 |
| | | 678 | | 117020500009/ 25-09-2017 |
| | | 4,234 | | 117020500010/ 25-09-2017 |
| | | 26,010 | | 117020500011/ 25-09-2017 |
| | | 1,72,107 | ശോഭ.പി.എൻ സെക്രട്ടറി | 117020500012/ 25-09-2017 |
| | | 21,236 | | 117020500013/ 25-09-2017 |
| | | 2,940 | | 117020500014/ 25-09-2017 |
| | | 16,880 | | 117020500015/ 25-09-2017 |
| | | 6,074 | | 117020500016/ 25-09-2017 |
| | | 1,412 | | 117020500017/ 25-09-2017 |
| 2016-17 | 2-5 3(6) | 2,500 | ശോഭ.പി.എൻ സെക്രട്ടറി | 117020102334/ 5-12-2017 |
| 2016-17 | 2-6 | 7,448 | സുനിത.വി (അധികച്ചുമതല) | 117020101847/ 7-10-2017 |
| | | | കെ.എൻ അജയൻ (അധികച്ചുമതല) | |
| | | | ശോഭ.പി.എൻ സെക്രട്ടറി | |
| 2016-17 | 2-7 | 23,910 | കെ.എസ്.രവി സെക്രട്ടറി | 117020100522/ 4-07-2017 |

## 4-7 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23- വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട

ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| ഇല്ല | | | | | |

## 4-8 ചാർജ് /സർചാർജ് നടപടികളുടെ വിവരം

എ) ചാർജ് നടപടി വഴി ഈടാക്കിയ തുക

| ക്രമ നമ്പർ | റിപ്പോർട്ട് വർഷം | ഖണ്ഡിക നം. | ഉത്തരവാദിയായ ഉദ്യോഗസ്ഥന്റെ പേര്, ഔദ്യോഗിക സ്ഥാനം, ഭരണ വകുപ്പ് | ചാർജ് സർട്ടിഫിക്കറ്റ് | | സ്വയം അടവാക്കിയ തുക (രസീത് നമ്പർ/ തീയതി) | റവന്യൂ റിക്കവറി നടപടിയിലൂടെ ഈടാക്കിയ തുക (തീയതി) | കോടതി വ്യവഹാരങ്ങളിൽ | | ആകെ ലഭ്യമായ തുക | അവശേഷിക്കുന്ന തുക/ ബാധ്യത | റിമാർക്ക്സ് |
|---|---|---|---|---|---|---|---|---|---|---|---|---|
| | | | | നമ്പരും തീയതിയും | തുക | | ഉൾപ്പെട്ട തുക | ഈടാക്കിയ തുക | | | | |
| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | 11 | 12 | 13 |
| ഇല്ല | | | | | | | | | | | | |

(ബി) സർചാർജ് നടപടി വഴി ഈടാക്കിയ തുക

| ക്രമ നമ്പർ | റിപ്പോർട്ട് വർഷം | ഖണ്ഡിക നം. | ഉത്തരവാദിയായ ഉദ്യോഗസ്ഥന്റെ പേര്, ഔദ്യോഗിക സ്ഥാനം, ഭരണ വകുപ്പ് | സർചാർജ് സർട്ടിഫിക്കറ്റ് | | സ്വയം അടവാക്കിയ തുക (രസീത് നമ്പർ/ തീയതി) | റവന്യൂ റിക്കവറി നടപടിയിലൂടെ ഈടാക്കിയ തുക (തീയതി) | കോടതി വ്യവഹാരങ്ങളിൽ | | ആകെ ലഭ്യമായ തുക | അവശേഷിക്കുന്ന തുക/ബാധ്യത | റിമാർക്ക്സ് |
|---|---|---|---|---|---|---|---|---|---|---|---|---|
| | | | | നമ്പരും തീയതിയും | തുക | | | ഉൾപ്പെട്ട തുക | ഈടാക്കിയ തുക | | | |
| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | 11 | 12 | 13 |
| ഇല്ല | | | | | | | | | | | | |

## 4-9 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 47195130 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 53533153 |
| വരവിനങ്ങളിലുള്ള നഷ്ടം | - |
| ചെലവിനങ്ങളിലുള്ളനഷ്ടം / ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | - |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 566308 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | വരവ് നഷ്ടം | ചെലവ് നഷ്ടം | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| ഇല്ല | | | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നം. | തുക | ഉത്തരവാദിയായ ഉദ്യോഗസ്ഥന്റെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-10 | 566308 | ശ്രീമതി. അനിമോൾ. കെ, സെക്രട്ടറി, ഇലഞ്ഞി ഗ്രാമ പഞ്ചായത്ത് |
| ആകെ | 566308 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല.

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല.

(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന തടസ്സത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീമതി.അനിമോൾ.കെ, സെക്രട്ടറി, ഇലഞ്ഞി ഗ്രാമ | സെക്രട്ടറി, ഇലഞ്ഞി ഗ്രാമ പഞ്ചായത്ത് | ശ്രീ ശൈലം, പാഴൂർ പി. ഓ., പിറവം |

| പഞ്ചായത്ത് | | |
|---|---|---|

## 4-10 തീർപ്പക്കുവാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് റിപ്പോർട്ട് വര്ഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1998-99 | L.F.E.(P) 919/2000/ 20.01.2002 | 2 |
| 2006-07 | L.F.E. (P) 179/08/ 19.04.2008 | 9 |
| 2008-09 | L.F.E .(P 9) 669/10 29.10.2011 | 12 |
| 2009 -10 & 2010-11 | L.F.E. (P 9)1058/13 09.07.2013 | 15 |
| 2011-12 | L.F.E.(P 9) 1699/13 09.09.2013 | 3 |
| 2012-13 | L.F.E. (P 9) 12/2015 22.01.2015 | 5 |
| 2014-15 | K.S.A.E.K.M.(P 9) 1188/2016 19.07.2016 | 9 |
| 2015-16 | K.S.A.E-K.M.(P 9) 2227/16 12.01.2017 | 4 |
| 2016-17 | K.S.A-E.K.M.(P 9) 1265/17 26.07.2017/26.09.17 | 10 |

തീർപ്പാക്കുവാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ തീർപ്പാക്കുന്നതിന് അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഡെപ്യൂട്ടി ഡയറക്ടർ

# അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ വകുപ്പ് 4, 1994-ലെ കേരള പഞ്ചായത്ത് രാജ് നിയമം - വകുപ്പ് 215(6) 2011-ലെ കേരള പഞ്ചായത്ത് രാജ് അക്കൗണ്ട്സ് ചട്ടങ്ങളിലെ ചട്ടം 64 എന്നിവ അനുസരിച്ചും പഞ്ചായത്ത് സ്ഥാനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും 22.05.2018-ലെ (സാധാ)1413/2018/ത.സ്വ.ഭ.വ നമ്പർ സർക്കാർ ഉത്തരവിലെ നിബന്ധനകൾ പ്രകാരവും ഇലഞ്ഞി ഗ്രാമ പഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ അഭിപ്രായത്തിൽ അന്യത്ര ചേർത്ത അപാകതകൾ ഒഴികെ സ്ഥാപനത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ വാർഷിക കണക്കുകൾ ശരിയായ വിധത്തിൽ സൂക്ഷിക്കുന്നു. സ്ഥാപനത്തിന്റെ വരവുകൾ യഥാവിധ കണക്കിലുൾപ്പെടുത്തിയിട്ടുണ്ട്. ചെലവുകൾ എല്ലാം തന്നെ വൗച്ചറുകളുടെ അടിസ്ഥാനത്തിലാണ്.

ഡെപ്യൂട്ടി ഡയറക്ടർ

2017-18 സാമ്പത്തിക വർഷത്തിലെ വാർഷിക കണക്കുകൾ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ

1. വസ്തുനികുതി സംബന്ധിച്ച വാർഷിക ധനകാര്യ പത്രികയിലെ കണക്കുകൾ സഞ്ചയ പ്രകാരമുള്ള കണക്കുകളുമായി പൊരുത്തപ്പെടുന്നില്ല.
2. ഭൂമിയുൾപ്പെടെയുള്ള അസ്തികളിൽ പൂർണ്ണമായും അക്കൗണ്ട് ചെയ്ത് ആസ്തി രജിസ്റ്ററിൽ രേഖപ്പെടുത്തി, വാർഷിക കണക്കുകളിൽ ഉൾപ്പെടുത്തിയിട്ടില്ല.
3. തൻവർഷത്തെ B1, ഷെഡ്യൂൾ പ്രകാരമുള്ള പഞ്ചായത്ത് ഫണ്ട – ജനറൽ

ഫണ്ട് (Code No.310) തുക മുൻ വർഷത്തെ തുകയിൽ നിന്നും വ്യത്യാസപ്പെട്ടിട്ടുണ്ട്

ഡെപ്യൂട്ടി ഡയറക്ടർ